# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
**ആറ്റുകാൽ, തിരുവനന്തപുരം–9.**

നമ്പർ:എ73/എബിറ്റിറ്റി/2018/1355 തീയതി : 28.10.2018

**<u>ക്വട്ടേഷൻ/ലേല പരസ്യം</u>**

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, – പാർക്കിംഗ് ഗ്രൗണ്ട് പരിസരത്തുള്ള 8 കടകൾ വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം പാർക്കിംഗ് ഗ്രൗണ്ട് പരിസരത്തുള്ള 8 കടകൾ 16.11.2018 മുതൽ 20.01.2019 വരെ കച്ചവടം നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ പേര്, മേൽവിലാസം, ഫോൺ നമ്പർ, നടത്തുവാനുദ്ദേശിക്കുന്ന കച്ചവടം, കട നമ്പർ, വാടക തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തി ഐഡന്റിറ്റി കാർഡിന്റെ കോപ്പി/ആധാറിന്റെ കോപ്പി എന്നിവയോടൊപ്പം സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് എന്ന പേരിൽ എടുത്ത 5000/- രൂപയുടെ ഡി.ഡി. സഹിതം നൽകണം. കവറിനു പുറത്ത് കട നമ്പർ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ "സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട്.പി.ഒ., തിരുവനന്തപുരം–9" എന്ന വിലാസത്തിൽ **05.11.2018 തിങ്കളാഴ്ച രാവിലെ 9.00 മണിയ്ക്കു** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

അന്നേ ദിവസം **രാവിലെ 10.30 മണിക്ക്** സന്നിഹിതരായിരിക്കുന്ന ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ പരസ്യ ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിനു മുമ്പായി 5000/- രൂപ നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതാണ്. തുടർന്ന് ക്വട്ടേഷനുകൾ പൊട്ടിക്കുന്നതും ക്വട്ടേഷൻ/ലേലം ഏതാണ് കൂടുതൽ ആ തുകയോടൊപ്പം 18 % ജി.എസ്സ്.ടിയും അടയ്ക്കുന്ന വ്യക്തിക്ക് ഉറപ്പിക്കുന്നതാണ്. ലേലം പിടിക്കുന്ന വ്യക്തി അന്നേ ദിവസം തുക മുഴുവനും, കൂടാതെ ഓരോ കടയ്ക്കും സെക്യൂരിറ്റി ഡിപ്പോസിറ്റിനത്തിൽ 20000/- രൂപയും ട്രസ്റ്റ് ഓഫീസിൽ ഒടുക്കി രസീത് വാങ്ങേണ്ടതും, 200/- രൂപാ മുദ്രപ്പത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതും കട എടുത്തിരിക്കുന്ന കാലാവധി കഴിഞ്ഞാൽ സ്വയം ഒഴിഞ്ഞു തരേണ്ടതുമാണ്. വാടകയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഉൾപ്പെടുന്നതല്ല. കടകൾ എടുക്കുന്നവർ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിലുള്ള തുക പ്രത്യേകമായി ട്രസ്റ്റാഫീസിൽ ഒടുക്കേണ്ടതാണ്. കട ക്വട്ടേഷൻ/ ലേലം വിളിച്ചയാൾ കട എടുത്തില്ലെങ്കിൽ നിരതദ്രവ്യ തുക/ഡി.ഡി. തിരികെ നൽകുന്നതല്ല. കട ക്വട്ടേഷൻ/ലേലം എടുക്കുന്നയാൾ യാതൊരു കാരണവശാലും ടി അവകാശം മറ്റ് ആളുകളുമായി പങ്കു വെയ്ക്കുകയോ ആർക്കെങ്കിലും കൈമാറുകയോ ചെയ്യുവാനോ സർക്കാർ നിരോധിച്ചിട്ടുള്ള സാധനങ്ങൾ വിൽപ്പന നടത്തുവാനോ അനുവദിക്കുന്നതല്ല. യാതൊരു കാരണവശാലും ലേലം പിടിച്ച കടയുടെ മുമ്പിൽ 5 അടിയിൽ കൂടുതൽ സ്ഥലം ഉപയോഗിക്കുവാൻ പാടുള്ളതല്ല. 21.01.2019 വൈകുന്നേരം 5.00 മണിക്കു മുമ്പായി കടയുടെ താക്കോൽ ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതും, അല്ലാത്തപക്ഷം ട്രസ്റ്റ് സ്വന്തം ചെലവിൽ കട ഒഴിപ്പിക്കുന്നതും അതിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കുള്ള തുക കൂടാതെ ദിവസം ഒന്നിന് 3000/- രൂപാ നിരക്കിൽ പിഴ ഈടാക്കുന്നതുമാണ്. കടകളിൽ നിന്നുമുണ്ടാകുന്ന അപകടങ്ങൾക്ക് ട്രസ്റ്റ് ഉത്തരവാദിയായിരിക്കുന്നതല്ല. ഭക്ഷണശാല നടത്തുവാൻ ഉദ്ദേശിക്കുന്നവർ ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് സ്വന്തം ഉത്തരവാദിത്തത്തിൽ വാങ്ങി വയ്ക്കേണ്ടതും Fire & Safety സംബന്ധമായ കാര്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേതുമാണ്. ഹൈഡ്രജൻ ബലൂൺ കച്ചവടം അനുവദിക്കുന്നതല്ല. ക്വട്ടേഷൻ സംബന്ധമായ എല്ലാ ട്രസ്റ്റ് നിബന്ധനകളും ഇതിനും ബാധകമാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാനും കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

സെക്രട്ടറി

നോട്ടീസ് ബോർഡ് : ആഫീസ്
ക്ഷേത്രം
ക്ഷേത്രം വെബ്സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
കൺവീനർ, ക്രയവിക്രയ കമ്മിറ്റി, എബിറ്റിറ്റി

sr